<u>പതിമൂന്നാം കേരള നിയമസഭ</u>

<u>11-ാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 763 | 11/06/14-ൽ മറുപടിയ്ക്ക്

## ഫാർമസി ആക്ടിലെ വ്യവസ്ഥകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മാത്യു റ്റി. തോമസ്<br>ശ്രീമതി ജമീലാ പ്രകാശം<br>ശ്രീ. സി. കെ നാണു<br>ശ്രീ. ജോസ് തെറ്റയിൽ | ശ്രീ. വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| ഫാർമസി ആക്ടിലെ എല്ലാ വ്യവസ്ഥകളും പാലിക്കുവാൻ സർക്കാരും ഫാർമസി കൗൺസിലും ശുഷ്കാന്തിയോടു കൂടി നടപടികളെടുക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് നിർദ്ദേശം നൽകിയതെന്നും ആ നിർദ്ദേശത്തിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ? | ഫാർമസി ആക്ടിലെ എല്ലാ വ്യവസ്ഥകളും പാലിക്കുവാൻ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ 04.03.2014-നു നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്കും, കേരള സ്റ്റേറ്റ് ഫാർമസി കൗൺസിൽ രജിസ്ട്രാർക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഫാർമസി ആക്ട് പ്രകാരം ഫാർമസിസ്റ്റുമാർ മാത്രമേ മരുന്നു വിതരണം ചെയ്യാവൂ എന്ന് എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും ആരോഗ്യ വകുപ്പ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.<br>സംസ്ഥാന ഫാർമസി കൗൺസിൽ ഇൻസ്പെക്ടർമാരുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ 61 കേസുകളിൽ സെക്ഷൻ 42 ലംഘനത്തിനെതിരെ ശിക്ഷാനടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.